പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.295 | 28.05.2019 ൽ മറുപടിക്ക്

## മുക്കം സി.എച്ച്.സി.യുടെ നിലവാരം ഉയർത്തൽ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മലയോര മേഖലയുടെ ആസ്ഥാനമായ മുക്കത്തെ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ മുക്കം സി.എച്ച് . സി കോഴിക്കോട് താലൂക്കിലാണ് സ്ഥിതിചെയ്യുന്നത്. മഴക്കാലങ്ങളിൽ 750 ഓളം ഒ. പി യും സാധാരണ ദിവസങ്ങളിൽ 450 ഓളം ഒ. പി കേസുകളും ശരാശരി ഉണ്ടാകാറുള്ള മുക്കം സി.എച്ച്.സി-യിൽ നിലവിൽ 3 അസിസ്റ്റന്റ് സർജൻമാരുടെയും ഒരു സിവിൽ സർജന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ ലാബും, എക്സ് റേയും ഫാർമസിയും പ്രവർത്തിക്കുന്ന ഈ ആശുപത്രിയിലെ രണ്ടുനില കെട്ടിടത്തിൽ ഐ.പി യും പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് താലൂക്കിൽ നിലവിൽ ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, സർക്കാർ ത്വക്ക് രോഗാശുപത്രി എന്നിവ കോഴിക്കോട്ടും, താലൂക് ആശുപത്രി ഫറോക്കിലും പ്രവർത്തിക്കുന്നുണ്ട്. ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന കണക്കിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാനാണ് ആർദ്രം പദ്ധതി ലക്ഷ്യമിടുന്നത്. |
| (ബി) | താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് സി.എച്ച്.സി.യെ ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി ഉണ്ടാകണം. അടിസ്ഥാന സൗകര്യ വികസനം, നടത്തുന്നതിനുള്ള പശ്ചാത്തല സൗകര്യം ആർദ്രം മാനദണ്ഡമനുസരിച്ചുള്ള തസ്തിക സൃഷ്ടിക്കൽ എന്നിവയാണ് താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് സി.എച്ച്.സി.യെ ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ. |

സെക്ഷൻ ഓഫീസർ